# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 237 27.01.2014 - ൽ മറുപടിക്ക്

**<u>സർക്കാർ ആശുപത്രിയിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. എസ്. ശർമ്മ<br>ശ്രീമതി. കെ.കെ. ലതിക | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന പ്രസ്തുത രംഗത്തെ സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ അനുപാതത്തിൽ വ്യത്യാസം വരുത്തി ഹെഡ് നഴ്സ് പ്രൊമോഷൻ സാധ്യത ഇല്ലാതാക്കിയിട്ടുണ്ടോ; എങ്കിൽ നടപടി തിരുത്താൻ തയ്യാറാകുമോ ; | ബി) | സർക്കാർ മെഡിക്കൽ കോളേജു കളിൽ നിലവിലുണ്ടായിരുന്ന ഹെഡ് നഴ്സ് പ്രൊമോഷൻ സാധ്യതയിൽ വ്യത്യാസം വരുത്തിയിട്ടില്ല. ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, സ്റ്റാഫ് നഴ്സ് ഗ്രേഡ്-1, ഹെഡ് നഴ്സ് അനുപാതം 2:2:1 ആയി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) 1961-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ; | സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. സ്റ്റാഫ് നഴ്സുമാരുടെ കാര്യത്തിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനായി സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടുതൽ നഴ്സുമാർ ആവശ്യമാണെന്ന് കണ്ട സാഹചര്യത്തിൽ ഒന്നാം ഘട്ടമായി 275 സ്റ്റാഫ് നഴ്സുമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ആരോഗ്യവകുപ്പിന്റെ കീഴിൽ സ്പെഷ്യാലിറ്റി സമ്പ്രദായവും ത്രീഷിഫ്റ്റ് സമ്പ്രദായവും ആശുപത്രിയിൽ ഏർപ്പെടുത്തിയതിനോടനുബന്ധിച്ച് ഡോക്ടർ |

| | | | |
|---|---|---|---|
| | | | മാരുടെയും നഴ്സമാരുടെയും സ്റ്റാഫ് പാറ്റേൺ ചില ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെ ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സ്റ്റാൻറഡൈഡസേഷൻ നടപ്പിലാക്കിയ ഉത്തരവിലും ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ട്. |
| ഡി) | എല്ലാ സർക്കാർ ആശുപത്രികളിലെയും നഴ്സമാരുടെ ജോലി സമയം എട്ട് മണിക്കൂറാക്കി നിജപ്പെടുത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | ഡി) | മൂന്ന് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് ഓരോ ഷിഫ്റ്റിലും ജോലി സമയം എട്ട് മണിക്കൂറാക്കി നിജപ്പെടുത്തുന്നത് പ്രായോഗികമല്ല. എന്നാൽ ആകെ ജോലി സമയം കണക്കിലെടുത്താൽ 8 മണിക്കൂർ മാത്രമേ വരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ